പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 430 — 19.10.2011-ൽ മറുപടിയ്ക്ക്

## ഉദ്യോഗസ്ഥരുടെ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമവികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കാനുദ്ദേശിച്ച് എന്തൊക്കെ പരിശീലന സംവിധാനങ്ങളാണ് നിലവുള്ളതെന്ന് വിശദമാക്കുമോ; | (എ) ഗ്രാമവികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ബ്ലോക്ക് തലം മുതൽ മുകളിലുള്ള തലങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് വിവിധ കേന്ദ്രാവിഷ്കൃത ഗ്രാമവികസന പരിപാടികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചും വികേന്ദ്രീകൃത ആസൂത്രണം, പഞ്ചായത്ത് രാജ്, മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ചും വിവിധ തരത്തിലുള്ള പരിശീലനങ്ങൾ കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി) മുഖേന സംഘടിപ്പിച്ചു വരുന്നു. പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, നിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയവ സംബന്ധിച്ചുള്ള പരിശീലനങ്ങളും, ശില്പശാലകളും അതോടൊപ്പം ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്നതിനുള്ള മാനേജ്മെന്റ് പരിശീലനങ്ങളും നടത്തുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുള്ള പരിശീലനങ്ങളിലൂടെയും ജില്ലകളിൽ വച്ച് നടത്തുന്ന ഓഫ് കാമ്പസ് പരിശീലന പരിപാടികളിലൂടെയുമാണ് |

പരിശീലനങ്ങൾ നൽകുന്നത്. ഇതോടൊപ്പം ഹൈദരാബാദിലുള്ള ദേശീയ ഗ്രാമീണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലുള്ള പരിശീലനങ്ങളും ഗ്രാമവികസന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നടത്താറുണ്ട്.
ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് പ്രീസർവ്വീസ് പരിശീലനവും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, എക്സ്റ്റൻഷൻ ഓഫീസർമാർ, മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവർക്ക് വിവിധ ഗ്രാമവികസന പരിപാടികളെ സംബന്ധിച്ച ഹ്രസ്വകാല പരിശീലനവും കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ (ഇ.റ്റി.സി.കൾ) മുഖേനയും നൽകി വരുന്നു.

(ബി) പ്രസ്തുത സംവിധാനം മുഖേന 2010-11 ൽ എന്തൊക്കെ പരിശീലന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) 2010 -11 ൽ എസ്.ഐ. ആർ.ഡി. മുഖേനയും ഇ.റ്റി.സി.കൾ മുഖേനയും നടത്തിയ പരിശീലന പരിപാടികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) നടപ്പു വർഷം നടപ്പാക്കി വരുന്ന പരിപാടികൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

ഗ്രാമവികസന പദ്ധതികൾ/ പഞ്ചായത്തീരാജ്, പ്രാദേശിക സാമ്പത്തിക വികസനം, വനിതാ ശാക്തീകരണം, മനുഷ്യ വിഭവശേഷി വികസനം, പ്രോജക്ട് മാനേജ്മെന്റ്, എം.ജി.എൻ.ആർ.ഇ.ജി.എസ്, നീർത്തട വികസനം, കുടിവെള്ളവും ശുചിത്വവും, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ മേഖലകളിലായി നടപ്പുവർഷത്തെ കൊട്ടാരക്കര എസ്.ഐ.ആർ.ഡി.യുടെ കലണ്ടർ പ്രകാരം ആകെ 135 പരിശീലന പരിപാടികളിലൂടെ 5400 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| | | | നടപ്പ് വർഷം 30.09.2011 വരെ ഉദ്യോഗസ്ഥർക്കായി എസ്.ഐ.ആർ.ഡി 31 പരിശീലനങ്ങൾ നടത്തുകയും 716 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കുള്ള 6 മാസത്തെ പ്രീസർവ്വീസ് പരിശീലനം, ഗ്രാമവികസന പദ്ധതികൾ, നീർത്തട പരിപാലനം, ബഡ്ജറ്റ് തയ്യാറാക്കലും കണക്ക് സൂക്ഷിക്കലും, സദ്ഭരണം, കമ്പ്യൂട്ടർ പരിശീലനം എന്നീ മേഖലകളിലായി 137 പരിശീലന പരിപാടികളിലൂടെ 5480 ഉദ്യോഗസ്ഥന്മാർക്ക് എക്സറ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ മുഖേന നടപ്പ് വർഷം പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു. 30.09.2011 വരെ 43 പരിശീലന പരിപാടികളിലൂടെ 1022 ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | ഗ്രാമവികസനത്തിലെ സർക്കാരിന്റെ കാഴ്ചപ്പാട് പകർന്നു നൽകാൻ കഴിയുംവിധം ഏർപ്പെടുത്തിയിട്ടുള്ള പഠനപദ്ധതികളെയും, ഫാക്കൽറ്റി, പ്രായോഗിക പരിശീലന സംവിധാനം എന്നിവയേയും സംബന്ധിച്ച് വിശദവിവരം നൽകുമോ? | (ഡി) | ഗ്രാമവികസനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ സംബന്ധിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവുകൾക്കും അനുസൃതമായി പാഠ്യപദ്ധതികളും വിഷയാധിഷ്ഠിതമായ പരിശീലന ഷെഡ്യൂളുകളും തയ്യാറാക്കിയാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. എസ്.ഐ.ആർ.ഡി. യിൽ കോർ ഫാക്കൽറ്റി അംഗങ്ങൾക്കും എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിൽ ലക്ചറർമാർക്കുമാണ് പരിശീലന ചുമതല. സർക്കാരിന്റെ നിർദ്ദേശങ്ങൾ, ഉത്തരവുകൾ, കാഴ്ചപ്പാടുകൾ എന്നിവയ്ക്ക് അനുസൃതമായാണ് പരിശീലനം ക്രമീകരിക്കുന്നത്. പരിശീലന സ്ഥാപനങ്ങളിലെ ഫാക്കൽറ്റി അംഗങ്ങളേയും ലക്ചറർമാരെയും കൂടാതെ ഓരോ മേഖലയിലുമുള്ള |

വിദഗ്ധർ, ഡിപ്പാർട്ടുമെന്റിലെ
ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ
ഗസ്റ്റ് ഫാക്കൽറ്റികളായി ക്ലാസ്സുകൾ
കൈകാര്യം ചെയ്യുന്നു. കമ്പ്യൂട്ടർ
പരിശീലനം, മാനേജ്മെന്റ്
ഇൻഫർമേഷൻ സിസ്റ്റം തുടങ്ങിയ
വിഷയങ്ങളിൽ പ്രായോഗിക
പരിശീലനവും നൽകുന്നുണ്ട്.
ലക്ചർ മെതേഡിലും
ഇലക്ട്രോണിക് സംവിധാനം
ഉപയോഗിച്ചും ക്ലാസ്സുകൾ
കൈകാര്യം ചെയ്തുവരുന്നു.
പ്രായോഗിക പരിശീലനം
നൽകുന്നതിനായി ഫീൽഡ്
വിസിറ്റുകളും നടത്താറുണ്ട്. പ്രീ
സർവ്വീസ് /ഇൻഡക്ഷൻ
ട്രെയിനിംഗിൽ പങ്കെടുക്കുന്ന
പരിശീലനാർത്ഥികളെ ഫീൽഡ്
പ്ലേസ്മെന്റിലൂടെ പ്രായോഗിക
പരിശീലനവും നൽകുന്നുണ്ട്.
നൂതന ബോധന തന്ത്രങ്ങൾ
ഉൾക്കൊള്ളുന്നതിനായി
നിലവിലുള്ള ഫാക്കൽറ്റി
അംഗങ്ങളെ ഗവണ്മെന്റ് നിർദ്ദേശ
പ്രകാരം വിവിധ
പരിശീലനങ്ങൾക്കായി
നിയോഗിക്കാറുമുണ്ട്.

[signature]

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സംസ്ഥാനഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ഉദ്യോഗസ്ഥന്മാരെ പരിശീലിപ്പിക്കുന്നതിനായി 2010-11ൽ സംഘടിപ്പിച്ച പരിശീലനപരിപാടികൾ

| ക്രമ നം | പരിശീലനം നൽകിയ പദ്ധതി (കാമ്പസ്) | എണ്ണം |
|---|---|---|
| 1 | ഗ്രാമവികസന പദ്ധതികൾ/ പഞ്ചായത്തീരാജ് | 14 |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | 5 |
| 3 | വനിതാശാക്തീകരണം | 6 |
| 4 | മനുഷ്യവിഭവശേഷിവികസനം | 5 |
| 5 | പ്രോജക്ട്മാനേജ്മെന്റ് | 4 |
| 6 | എം.ജി.എൻ.ആർ.ഇ.ജി.എസ്സ് & നീർത്തടവികസനം | 23 |
| 7 | കുടിവെള്ളവുംശുചിത്വവും | 02 |
| 8 | ബി.പി.എൽ സെൻസസ് | 1 |
| 9 | എ.യു..ഇ.ജി.എസ് | 1 |
| 10 | കംപ്യൂട്ടർ ആപ്ലിക്കേഷൻ | 01 |
| 11 | എൻ.ഐ.ആർ.ഡി പ്രോഗ്രാം | 07 |
| (ഓഫ് കാമ്പസ്) | | |
| 1 | ഐ.എ.വൈ - MIS | 02 |
| 2 | ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതി | 29 |

എക്സ്റ്റൻഷൻ സെന്ററുകൾ മുഖേന ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനായി 2010-11ൽ സംഘടിപ്പിച്ച പരിശീലനപരിപാടികൾ-

1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കുള്ള 6 മാസത്തെ പ്രീസർവ്വീസ് പരിശീലനങ്ങൾ.
2. വിവിധ ഗ്രാമവികസന പരിപാടികളെ സംബന്ധിച്ച പരിശീലനപരിപാടികൾ
3. ബഡ്ജറ്റ്തയ്യാറാക്കൽ, കണക്ക് സൂക്ഷിക്കൽ
4. വിവരാവകാശനിയമം
5. നീർത്തടവികസനപദ്ധതി
6. കമ്പ്യൂട്ടർ ട്രെയിനിംഗ്
7. സദ്ഭരണം
8. ഡിസാസ്റ്റർ മാനേജ്മെന്റ്
9. ഓഫീസ് നടപടിക്രമങ്ങൾ, കത്തിടപാടുകൾ എന്നിവ സംബന്ധിച്ച പരിശീലനം